LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് വർഷം തോറും പുറത്തിറങ്ങുന്ന ഒരു ലക്ഷത്തോളം ബിരുദധാരികളിൽ നല്ലൊരുവിഭാഗം വിദ്യാർത്ഥികൾക്ക് സംരംഭകത്വ ആശയം ഉണ്ടെങ്കിലും അവ പ്രാവർത്തികമാക്കുന്നതിനുള്ള സാഹചര്യവും പിന്തുണയും ലഭിക്കുന്നില്ല. വിദ്യാർത്ഥികളുടെ സംരംഭങ്ങൾക്ക് പ്രചോദനം നൽകേണ്ടത് കേരളത്തിന്റെ വികസനത്തിന് അനിവാര്യമാണെന്ന് കണ്ടതിനാലാണ് സംരംഭകത്വ ക്ലബുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾ തൊഴിൽഅന്വേഷകർ എന്നതിന് പകരം തൊഴിൽ ദാതാക്കളായി മാറുന്ന സംസ്കാരം വളർത്തിയെടുക്കുന്നതിന് ഇതുവഴി കഴിയും. സംരംഭകത്വ ക്ലബുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 15-1-2014-ന് ടെക്നോപാർക്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. സാധാരണ ക്ലബ്ബുകളിൽ നിന്ന് വ്യത്യസ്തമായി സംരംഭകത്വ ക്ലബുകൾ സൊസൈറ്റികളായി രജിസ്റ്റർ ചെയ്യുകയും പൂർണ്ണമായും വിദ്യാർത്ഥികൾ തന്നെ നടത്തുകയും ചെയ്യുന്നു. എല്ലാ കോളേജുകളിലും ഇത്തരം ക്ലബുകൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. എല്ലാ വർഷവും സെപ്റ്റംബർ 12 സംസ്ഥാന സംരംഭകത്വ ദിനമായി ആചരിക്കാനും സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. 2013 ജനുവരി മുതൽ 1804 അപേക്ഷകൾ സ്റ്റാർട്ട് അപ് വില്ലേജിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ 136 സംരംഭങ്ങൾ സ്റ്റാർട്ട് അപ്പ് വില്ലേജിൽ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റഫലേഷൻസിലും ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻകുബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ്സ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ സ്റ്റാർട്ട് അപ്പ് ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്.

സ്കൂളുകളിലും കോളേജുകളിലും നടക്കുന്ന അക്കാദമിക് കാര്യങ്ങളിലെ പ്രോട്ടോക്കോൾ സംബന്ധിച്ച്

22 (1058) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സഹായം കൈപ്പറ്റുന്ന സ്കൂളുകളിലും കോളേജുകളിലും നടക്കുന്ന അക്കാദമിക് കാര്യങ്ങളിൽ പ്രോട്ടോക്കോൾ ബാധകമാണോയെന്ന് വ്യക്തമാക്കാമോ ;

(ബി) പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിയമസഭ പാർലമെന്റ് അംഗങ്ങളെ അവഗണിച്ച് സ്കൂളിലെ അക്കാദമിക് കാര്യങ്ങളിൽ മതസാമുദായിക നേതൃത്വങ്ങളെ പങ്കെടുപ്പിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ബാധകമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിദ്യാർത്ഥി സമരം ഒത്തുതീർക്കുന്നതിന് നടപടി

23 (1059) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിൽ ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ നടത്തി വരുന്ന സമരം ഒത്തു തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) സമരത്തിന് ആധാരമായി വിദ്യാർത്ഥികളുന്നയിച്ച ആവശ്യങ്ങളോടുള്ള സർവ്വകലാശാല അധികൃതരുടെയും സർക്കാരിന്റെയും നിലപാട് എന്തെന്ന് വെളിപ്പെടുത്താമോ ;

(സി) സമരം തീർക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും നൽകിയ ഉറപ്പുകളിൽ നിന്നും പിന്മാറിയിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കാമോ ;

(ഡി) കാമ്പസിലെ റെഗുലർ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഹോസ്റ്റൽ സൗകര്യം സ്വാശ്രയ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാനുള്ള വൈസ് ചാൻസലറുടെ തീരുമാനം ചട്ടപ്രകാരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഭീമമായ ഫീസ് നൽകി പഠിക്കുന്ന സ്വാശ്രയ കായിക വിദ്യാർത്ഥികൾക്ക് പ്രത്യേകം ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തേണ്ട ബാധ്യത സർവ്വകലാശാല നിർവ്വഹിക്കാത്തതിന്റെ കാരണമാരായാത്തതെന്തുകൊണ്ടെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly